GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

17th July 2015

## തദ്ദേശഭരണ തിരഞ്ഞെടുപ്പ് : പേര് ചേർക്കാൻ വീണ്ടും അവസരം നൽകും

വരുന്ന തദ്ദേശസ്വയംഭരണ പൊതുതിരഞ്ഞെടുപ്പിനായുള്ള വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിന് വീണ്ടും അവസരം നൽകുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ അറിയിച്ചു. നിലവിലുള്ള ഓൺലൈൻ സൗകര്യം ജൂലൈ 20-ന് ശേഷം താത്ക്കാലികമായി നിറുത്തിവെയ്ക്കും. ഇപ്പോൾ പ്രസിദ്ധീകരിച്ചിട്ടുള്ള കരട് വോട്ടർ പട്ടിക ക്രമീകരിക്കുന്നതിന്റെ ഭാഗമായാണ് ഓൺലൈൻ സൗകര്യം താത്ക്കാലികമായി നിറുത്തിവെയ്ക്കുന്നത്. ജൂലൈ 20-ന് ശേഷം ഇതുവരെ ലഭിച്ചിട്ടുള്ള ആക്ഷേപങ്ങൾ പരിശോധിച്ച് ഉചിതമായ പരിഷ്കരണം നടത്തുന്നതിന് ബന്ധപ്പെട്ട എല്ലാ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഉദ്യോഗസ്ഥർക്ക് ഇതിനുള്ള സൗകര്യം നിർദ്ദിഷ്ട വെബ്സൈറ്റിൽ പുന:സ്ഥാപിക്കുന്നതാണ്. കരട് വോട്ടർ പട്ടിക പുന:ക്രമീകരിച്ചതിനുശേഷമായിരിക്കും വോട്ടർമാർക്ക് പേര് ചേർക്കുന്നതിനും തെറ്റുകൾ തിരുത്താനുമുള്ള ഓൺലൈൻ സൗകര്യം അടുത്ത മാസം വീണ്ടും ലഭ്യമാക്കുക.

*(എസ്.ഇ.സി. 28/2015)*